# <u>പ്രധാനാദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ</u>

മേൽ സൂചനപ്രകാരം ഗെയിൻ പി.എഫ്. സംവിധാനത്തിൽ സ്ക്കൂൾ തലത്തിൽ അടിയന്തിരമായി ചെയ്യേണ്ട വിവിധ കാര്യങ്ങളെക്കുറിച്ച് വിശദമായ സർക്കുലർ സ്ക്കൂൾ പ്രധാനാദ്ധ്യപകരിലേക്കും വരിക്കാരിലേക്കും എത്തിക്കുന്നതിനുവേണ്ടി എല്ലാ അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർമാർക്കും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമ്മാർക്കും അയച്ചിരുന്നു. ഇത്രയും നാളുകളായിട്ടും ഈ സർക്കുലർ കുറേ സ്ക്കൂൾ പ്രധാനാദ്ധ്യാപകർക്കും അത് വഴി മറ്റ് വരിക്കാരായവർക്കും ലഭിച്ചിട്ടില്ലെന്നാണ് സ്കൂളുകളുടെ വിവരങ്ങൾ ഗെയിൻ പി.എഫ്. സൈറ്റിൽ ഈ ഓഫീസിൽ നിന്നും പരിശോധന നടത്തുമ്പോൾ കാണുന്നത്.

എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകർക്കും ഗെയിൻ പി.എഫ് സൈറ്റിൽ നിലവിൽ ഉള്ള പി.എഫ്. സൈറ്റിൽ നിലവിലുള്ള പി.എഫ്. അക്കൗണ്ട് നമ്പർ സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം പരിശോധിച്ച് അപാകതയുണ്ടെങ്കിൽ പ്രസ്തുത വിവരവും ഗെയിൻ പി.എഫ്. സൈറ്റിൽ പേരും ഐ.ഡിയും ഇല്ലാത്ത വരിക്കാരുടെ വിവരങ്ങൾ സൈറ്റിൽ ചേർക്കുന്നതിനുവേണ്ടിയുള്ള വിവരങ്ങളും അതാത് വരിക്കാരുടെ സേവന പുസ്തകത്തിൽ പതിച്ച അഡ്മിഷൻ/നോമിനേഷൻ ഫോറത്തിന്റെ പകർപ്പും സ്പാർക്കിൽ നിന്നും ലഭിക്കുന്ന അതാത് വരിക്കാരുടെ സ്പാർക്ക് പേർസണൽ മെമ്മോറാണ്ടത്തിന്റെ പകർപ്പ് എന്നീ രണ്ട് രേഖകൾ സഹിതം അതാത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് 29.03.2017ന് മുമ്പായി അപേക്ഷ നൽകേണ്ടതാണ്. ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതാത് ഓഫീസിന് കീഴിലുള്ള സ്കൂൾ പ്രധാനാദ്ധ്യാപകരിൽ നിന്ന് ലഭിച്ച വിവരങ്ങൾ കൺസോളിഡേറ്റ് ചെയ്ത് 31.03.2017-ന് മുമ്പായി അതാത് അസിസ്റ്റന്റ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസർമാർക്ക് മേൽ സൂചിപ്പിച്ച രണ്ട് രേഖകളും സഹിതം അയച്ചുകൊടുക്കേണ്ടതാണ്.

04.04.2017 ന് മുമ്പായി അസിസ്റ്റന്റ് പ്രൊവിഡന്റ് ഫണ്ട് ഓഫീസർമാർ ഗെയിൻ പി.എഫ്. സൈറ്റിൽ ഇല്ലാത്ത വരിക്കാരെ ഗെയിൻ പി.എഫ്. സൈറ്റിലേക്ക് ആഡ് ചെയ്യുകയും അക്കൗണ്ട് നമ്പർ തിരുത്തേണ്ട ഗെയിൻ പി.എഫ്. സൈറ്റിലെ സീഡിങ് മെനു വഴി തിരുത്തേണ്ടതുമാണ്.

| Sl. No. | School Name | Subscribers Name | PF Account Number in GAIN PF Website | Actual Account Number | Account Number Correction/New Admission | Remarks |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

സ്കൂൾ പ്രധാനാദ്ധ്യാപകർ മേൽ സൂചന സർക്കുലറിൽ നിർദ്ദേശിച്ചപ്രകാരം സ്കൂളിന്റെ പി.എ.ഒ ഐഡിയും മുഴുവൻ വരിക്കാരുടെയും ഐഡിയും ഗെയിൻ പി.എഫ്. സൈറ്റിൽ തുറന്ന് സ്ക്കൂളിന്റേയും മുഴുവൻ വരിക്കാരുടേയും പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്യേണ്ടതാണ്.

2016 -17 വർഷത്തെ പി എഫ് ക്രഡിററ് കാർഡുകൾ ഗെയിൻ പി.എഫ് വഴിയാണ് തയ്യാറാവുന്നത്. കോർപ്പറേററ് മാനേജ് മെന്റ് സ്ക്കൂളുകളിൽ സ്ഥല മാററം കാരണം 2015 - 16 ക്രഡിററ് കാർഡ് ലഭിക്കാത്തവർ എല്ലാ വിശദാംശങ്ങളും രേഖകളും സഹിതം 30.03.2017 നു മുമ്പായി അതാത് എ.പി.എഫ്.ഒ മാർക്ക് അപേക്ഷ നൽകേണ്ടതാണ്.

ഗെയിൻ പി.എഫ്. സൈറ്റിൽ 2015-16 ക്രഡിറ്റ് കാർഡ് ലഭിച്ചവർ 2016-17 ഓപ്പണിങ്ങ് ബാലൻസിനോടോപ്പം അതിൽ കുറവു ചെയ്യേണ്ട ഡി.എ/സാലറി അരിയറുകൾ മാത്രമാണ് ചേർക്കേണ്ടത്. ഇത് *Entry-Opening Balance* മെനുവിലുള്ള *Add New* വഴി മാത്രമേ സ്ക്കൂൾ പ്രധാനാദ്ധ്യാപകർ എൻട്രി ചെയ്യാൻ പാടുള്ളു. സാങ്ക്ഷൻ ഓർഡർ ലഭിച്ച് തുക ലഭിച്ച ശേഷം അതുമായി ബന്ധപ്പെട്ട ഓപ്പണിങ്ങ് ബാലൻസും മറ്റ് വിവരങ്ങളും എഡിറ്റ് ചെയ്യാൻ പാടുള്ളതല്ല. എൻട്രി മെനുവിൽ എ.ബി.സി.ഡിയിൽ അരിയറുകളുടെ ആകെ തുക ആദ്യം ചേർക്കേണ്ടതും തുടർന്ന് അരിയറുമായി ബന്ധപ്പെട്ട ഉത്തരവ് നമ്പറുകൾ ഓരോന്നും സെലക്ട് ചെയ്ത് അരിയർ തുക, അതുമായി ബന്ധപ്പെട്ട ബിൽ ട്രഷറിയിൽ നിന്നും മാറിയ തീയതി എന്നിവയും ചേർത്ത് സേവ് ചെയ്യേണ്ടതാണ്. അരിയർ സ്പ്ലിറ്റപ്പിന്റെ ആകെ തുകയും ആദ്യം എൻട്രി മെനുവിൽ ചേർത്ത അരിയർ തുകയും ഒന്നു തന്നെയായിരിക്കണം. എന്നാൽ മാത്രമേ എൻട്രി മെനുവിലെ എ.ബി.സി.ഡി സേവ് ആവുകയുള്ളു.

എല്ലാ സ്ക്കൂൾ പ്രധാനാദ്ധ്യാപകരും ഇതോടൊപ്പം ലഭിക്കുന്ന 01.04.2016 നു ശേഷമുള്ള വിവിധ തുകകൾ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ പ്രൊഫോർമ അതാത് സ്ക്കൂളുകളിലെ രേഖകളുമായി കൃത്യമായി പരിശോധിച്ച് രേഖപ്പെടുത്തി ഉറപ്പു വരുത്തിയതിനു ശേഷം അതാത് ജില്ലാ/ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 29.03.2017 നു മുമ്പായി എത്തിക്കേണ്ടതും ജില്ലാ/ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ആയത് അതാത് ഓഫീസുകൾക്ക് കീഴിലുള്ള സ്ക്കൂളുകളുടെ ലിസ്റ്റിൽ ഈ സർക്കുലർ സ്ക്കൂൾ പ്രധാനാദ്ധ്യാപകർക്ക് കൈമാറിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി ലിസ്റ്റിനോടൊപ്പം കവറിങ്ങ് ലെറ്റർ സഹിതം മുകളിൽ സൂചിപ്പിച്ച

പ്രൊഫോർമ 31.03.2017 ന് മുമ്പായി അതാത് അസിസ്റ്റന്റ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസർ ഓഫീസുകളിൽ എത്തിക്കേണ്ടതാണ്. പി.എഫ് അക്കൗണ്ട് നമ്പർ സംബന്ധിച്ച നേരത്തേ സൂചിപ്പിച്ച പ്രൊഫോർമയും രേഖകളും പ്രത്യേകം കവറിങ്ങ് ലെറ്ററോടു കൂടി തന്നെ നൽകേണ്ടതാണ്.

പി.എഫ് ക്ലോഷർ, അഡ്മിഷൻ എന്നിവ ഓൺലൈൻ സംവിധാനം വഴി ആക്കുന്നതിന്റേയും അതോടൊപ്പം ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനം ഗെയിൻ പിഎഫിൽ നടപ്പിൽ വരുത്തുന്നതിന്റെയും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഓഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്നതു വരെ എല്ലാ സ്കൂൾ പ്രധാനാദ്ധ്യാപകരും പി.എഫ് ലോൺ അപേക്ഷകൾ അസിസ്റ്റന്റ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസർ ഓഫീസുകളിലേക്ക് നൽകുമ്പോൾ ലോണുമായി ബന്ധപ്പെട്ട് **എഴുതി തയ്യാറാക്കിയ സ്റ്റേറ്റ്മെന്റും** (അനക്സർ ഫോറം ഇ), ഡിക്ലറേഷനും മറ്റ് അനുബന്ധരേഖകളും സഹിതം തന്നെ നിർബന്ധമായും അസിസ്റ്റന്റ് പ്രോവി ഡന്റ് ഫണ്ട് ഓഫീസർമാർക്ക് സ്കൂൾ പ്രധാനദ്ധ്യാപകർ നേരിട്ട് സമർപ്പിക്കേണ്ടതാണ്. താൽക്കാലിക വായ്പയ്ക്ക് മുൻപ് താൽക്കാലിക വായ്പ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് കൂടി വെക്കേണ്ടതാണ്.

ഗെയിൻ പി.എഫ് സൈറ്റിൽ സ്കൂൾ പ്രധാനാദ്ധ്യാപകൻ *Loan Processing* ൽ *Scrutiny, Verification* എന്നിവ ചെയ്താൽ മത്രാമേ അപേക്ഷ ഓൺലൈൻ വഴി എ.പി.എഫ്.ഒ ഓഫീസിൽ എത്തിച്ചേരുകയുള്ളു. എത്രയും പെട്ടെന്ന് തന്നെ മുകളിൽ സൂചിപ്പിച്ച എഴുതി തയ്യാറാക്കിയ സ്റ്റേറ്റ് മെന്റ് ഉൾപ്പെടെയുള്ള രേഖകൾ എ.പി.എഫ്.ഒ ഓഫീസുകളിലേക്ക് എത്തിക്കേണ്ടതാണ്. സ്പാർക്കിൽ നിന്നും അപ്പ്റ്റുഡേററ് ക്രഡിററ്-ഡെബിററ് വിവരങ്ങൾ ഗെയിൻ പി.എഫിലേക്ക് എത്തിച്ചേരുകയും ഗെയിൻ പി.എഫി ൽ ഡിജിററൽ സിഗ്നേച്ചർ സംവിധാനം നിലവിൽ വരികയും ചെയ്യുന്നത് വരെ നിർബന്ധമായും മേൽ സൂചിപ്പിച്ച രേഖകൾ എ.പി.എഫ്.ഒ ഓഫീസുകളിലേക്ക് നൽകേണ്ടതാണ്.

ഗെയിൻ പി.എഫ് സൈറ്റിൽ അതാത് വരിക്കാരുടെ പ്രൊഫൈലിൽ *My Ledger Card* ൽ സ്പാർക്കിൽ നിന്നും ഗെയിൻ പി.എഫ് സൈറ്റിലേക്ക് എത്തിച്ചേർന്ന ക്രഡിറ്റ്-ഡെബിറ്റ് വിവരങ്ങൾ പരിശോധിക്കാവുന്നതാണ്. മാസം വരെയുള്ള സ്റ്റേറ്റ്മെന്റ് എഴുതി തയ്യാറാക്കിയത് ഗെയിൻ പിഎഫ് സൈറ്റിലെ വിവരങ്ങളുമായി ഒത്തു നോക്കി പരിശോധിക്കുന്നതിനായി നിർബന്ധമായും നൽകേണ്ടതാണ്. ഒന്നിലധികം പേരുടെ പി.എഫ് ലോൺ അപേക്ഷകൾക്ക് പ്രത്യേകം പ്രത്യേകം കവറിങ്ങ് ലെറ്ററുകൾ വെക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച രേഖകളുടെ ഒരു കോപ്പി മാത്രമേ എ.പി.എഫ്.ഒ ഓഫീസിലേക്ക് നൽകേണ്ടതുള്ളു. പി.എഫ് ക്രഡിറ്റ് കാർഡുകളുടെ ഒറിജിനൽ നൽകേണ്ടതില്ല. മേൽ സൂചിപ്പിച്ച രേഖകളുടെ ഒരു പകർപ്പ് സ്കൂളുകളിൽ സൂക്ഷിക്കേണ്ടതുമാണ്.

*My Ledger Card* ൽ ഉള്ള വിവരങ്ങൾ വിശദമായി ഒത്തു നോക്കി പരിശോധിക്കേണ്ടതും മാറ്റം ഉണ്ടെങ്കിൽ അതായത് പേ റിവിഷൻ അരിയർ തുക അരിയർ കോളത്തിലല്ലാതെ സബ്സ്ക്രിപ്ഷൻ കോളത്തിൽ വന്നിട്ടുള്ളത് അരിയർ കോളത്തിലേക്ക് മാറ്റുന്നതിനും 2016 ഏപ്രിൽ, മെയ് മാസങ്ങളിൽ ലോൺ ബിൽ സ്പാർക്കിൽ അല്ലാതെ ട്രഷറിയിൽ നൽകിയിട്ടുള്ളതിനാൽ ലോൺ തുക *My Ledger Card* ൽ വരാത്തത് മാനുലായി സൈറ്റിലേക്ക് ചേർക്കുന്നതിനും *View Application Status* ൽ 01.04.2016 നു ശേഷം കൈപ്പറ്റിയ താൽക്കാലിക വായ്പയുമായി ബന്ധപ്പെട്ട കൺസോളിഡേറ്റഡ് തുകയിലോ ഇൻസ്റ്റാൾമെന്റിലോ വ്യത്യാസമുണ്ടെങ്കിൽ ആയത് തിരുത്തുന്നതിനും എ.പി.എഫ്.ഒ ഓഫീസിലെ ഐ.ഡിയിൽ സംവിധാനമുണ്ട്. അതാത് എ.പി.എഫ്.ഒ ഓഫീസുകളിൽ അനുബന്ധ രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

പി.എഫ്. ലോണുമായി ബന്ധപ്പെട്ട അപേക്ഷയുടെ നിജസ്ഥിതി അറിയുന്നതിനായി അതാത് അപേക്ഷകരുടെ ഐ.ഡിയിൽ *View Application Status* ൽ *Movement* പരിശോധിക്കാവുന്നതാണ്.

ഗെയിൻ പി.എഫ്. വഴി പി.എഫ്.ലോണിന് അപേക്ഷിക്കുമ്പോൾ സ്കൂൾ പ്രധാനാദ്ധ്യപകർക്കും മറ്റ് വരിക്കാർക്കും ഉണ്ടാവുന്ന ബുദ്ധിമുട്ടുകൾ എല്ലാ വിശദവിവരങ്ങൾ സഹിതം അതാത് പ്രൊവിഡന്റ് ഫണ്ട് ഓഫീസർമാർക്ക് നേരിട്ടോ ഗെയിൻ പി.എഫ്. സൈറ്റ് തുറന്നാൽ ലഭിക്കുന്ന ഹെൽപ് ലൈനിലൂടെ അതാത് എ. പി.എഫ്.ഒമാരുടെ ഇ-മെയിൽ വിലാസത്തിലോ അറ്റാച്ച്മെന്റ് ആയി അല്ലാതെ ടൈപ്പ് ചെയ്തു തന്നെ ലോണുമായും അപാകതയുമായും ബന്ധപ്പെട്ട എല്ലാ വിശദവിവരങ്ങളും സഹിതം തന്നെ ഇ മെയിൽ വഴി അയ ച്ചുകൊടുക്കേണ്ടതാണ്. പ്രധാനാദ്ധ്യാപകരിൽ നിന്നോ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നോ ഇ മെയിൽ വഴി വിവരങ്ങൾ കൈപ്പറ്റി അതാത് അസിസ്റ്റന്റ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസിൽ നിന്ന് തന്നെ അപാകതകൾ പരമാവധി പരിഹരിക്കേണ്ടതാണ്. എ.പി.എഫ്.ഒ ഓഫീസുകളിൽ പരിഹരിക്കാൻ സാധിക്കാത്തവ മാത്രം **മുഴുവൻ വിശദാംശങ്ങളും സഹിതം തന്നെ** അതാത് സമയം ഇ മെയിൽ വഴി അറ്റാച്ച്മെന്റ് ആയി അല്ലാതെ ടൈപ്പ് ചെയ്തു തന്നെ ഈ ഓഫീസിലേക്കും ഗെയിൻ പി.എഫ് സ്റ്റേറ്റ് നോഡൽ ഓഫീസറായ ശ്രീ. വിനോയ് ചന്ദ്രന്റെ ഇ മെയിൽ വിലാസത്തിലേക്കും അസിസ്റ്റന്റ് പ്രൊവിഡണ്ട് ഫണ്ട് ഓഫീസിൽ നിന്ന് തന്നെ അയച്ചു തരേണ്ടതാണ്.

ഗെയിൻ പി.എഫ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എല്ലാ സ്കൂൾ പ്രധാനാദ്ധ്യപ കരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

# KASEPF CREDIT- DEBIT DETAILS FOR GAIN PF UPDATION

**Name of Subscriber** | | **KASEPF A/C No.** |

**Name of School** |

**Balance of Last Credit Card received : …………………… (Year)**
**(Opening Balance for the year ………………………….)**

| Month & Year | Subscription | Refund | Arrear | Total | Encashment Date of Bill | Loan Withdrawal Amount and Date | Name of Treasury | Remarks |
|---|---|---|---|---|---|---|---|---|
| Mar-16 | | | | | | | | |
| Apr-16 | | | | | | | | |
| May-16 | | | | | | | | |
| Jun-16 | | | | | | | | |
| Jul-16 | | | | | | | | |
| Aug-16 | | | | | | | | |
| Sep-16 | | | | | | | | |
| Oct-16 | | | | | | | | |
| Nov-16 | | | | | | | | |
| Dec-16 | | | | | | | | |
| Jan-17 | | | | | | | | |
| Feb-17 | | | | | | | | |

| | Arrear Order No and Date | Withdrawal permission Date | Arrear Amount | Encashment of Bill in which Arrear Merged | Spark Code in Merged PF Schedule (eg: 46074979839372878149) | |
|---|---|---|---|---|---|---|
| | GO(P)No.220/ 2013/Fin Dt. 14/5/2013 | 30-04-2017 | | | | |
| | GO(P) No.630/ 2013/Fin Dt. 23/12/2013 | 30-11-2017 | | | | |
| | GO(P)No.221/ 2014/Fin Dt. 16/06/2014 | 30-04-2018 | | | | |
| | GO(P)No.72/ 2015/Fin Dt. 07/02/2015 | 31-01-2019 | | | | |
| | GO(P)No.335/ 2015/Fin Dt. 07/08/2015 | 31-07-2019 | | | | |
| | GO(P)No.525/ 2015/Fin Dt. 18/11/2015 | 31-07-2020 | | | | |
| | | | | | | Any Other Arrears |
| | | | | | | Any Other Arrears |
| | G.O.(P) No:61/2016 Fin. Dt. 05/05/2016 | 31-01-2021 | | | | |
| | GO(P)No 6/2017/Fin Dt. 19.01.2017 | 31-07-2021 | | | | |

Headmaster